# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5058 | 27.06.2019-ൽ മറുപടിക്ക് |
|---|---|

**കുട്ടികൾക്ക് നേരെയുള്ള ആക്രമണം തടയുന്നതിന് നടപടി**

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുട്ടികൾക്ക് നേരെ ആക്രമണം വ്യാപകമാകുന്നത് പരിശോധിക്കുമോ; | (എ) | സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ആക്രമണങ്ങൾ വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വർഷം തോറുമുള്ള കേസുകളുടെ എണ്ണം പരിശോധിച്ചാൽ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിലേയ്ക്കായി ജുവനൈൽ പോലീസ് യൂണിറ്റ്, ഫാമിലി ക്രൈം പ്രിവൻഷൻ സെന്റർ, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, സ്കൂൾ-കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ചൈൽഡ് ലൈൻ, ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിൽ കുട്ടികൾക്ക് എതിരെ തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നവരേയും മറ്റ് സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരേയും കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം എന്നിവയും ജില്ലാതലത്തിൽ സൈബർ സെല്ലുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും മാതാപിതാക്കളോടൊത്ത് തെരുവുകളിൽ താമസിക്കുന്ന കുട്ടികൾ പലപ്പോഴും ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന കാര്യം പരിശോധിക്കുമോ; | (ബി) യും (സി) യും | ഇത്തരം ആക്രമണങ്ങൾ തടയുന്നതിലേയ്ക്കായി പോലീസ് പൊതുവായ നിരീക്ഷണങ്ങളും, റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ കർശന നിയമനടപടികളും |

| | | | |
|---|---|---|---|
| (സി) | ഇത്തരം അക്രമണങ്ങൾ തടയുവാനും ആവർത്തിക്കാതിരിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശങ്ങൾ നൽകുമോ; ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പലപ്പോഴും ഗുരുതരമായ വീഴ്ചയുണ്ടാകുന്ന കാര്യം പരിശോധിക്കുമോ; | | സ്വീകരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ലൈംഗിക അതിക്രമകേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിശോധിച്ച് സമഗ്രമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇത്തരം സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | മലപ്പുറം ജില്ലയിലെ എടപ്പാളിൽ ആക്രി പെറുക്കുവാൻ വന്ന ബാലികയെ ആക്രമിച്ചതുപോലുള്ള സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും (എഫ്) ഉം | ഇത് സംബന്ധിച്ച് ചങ്ങരംകുളം പോലീസ് സ്റ്റേഷൻ Cr.No.162/2018 u/s 341, 324 IPC added 326 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതിയെ നിയമാനുസൃതം അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ ഒരു കേസ് മാത്രമാണ് 2019 ജനുവരി മുതലുള്ള കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് |
| (ഇ) | 2019 ജനുവരി മുതൽ ഇത്തരത്തിൽ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ലഭ്യമാക്കുമോ; നിലവിൽ കേസിന്റെ സ്ഥിതി വിവരം ലഭ്യമാക്കുമോ; | | |
| (എഫ്) | എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ കിട്ടാനുണ്ട്; വ്യക്തമാക്കുമോ; | | |
| (ജി) | ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ കൂട്ടായ്മ ഈ വിഷയത്തിൽ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ജി) | ചൈൽഡ് ലൈൻ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുമായി ചേർന്ന് ഇക്കാര്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ